**പതിമൂന്നാം കേരള നിയമസഭ**

**എഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 227** **04.02.2013-ലെ മറുപടിക്ക്.**

# സർക്കാർ ഉദ്യോഗസ്ഥർക്കും ബന്ധുക്കൾക്കും എതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>'' എ. പി. അബ്ദുള്ളക്കുട്ടി<br>'' വി. റ്റി. ബൽറാം<br>'' വി. പി. സജീന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്കും അവരുടെ ബന്ധുക്കൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇതിനായി, പുതിയ നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) നിർദ്ദിഷ്ട നിയമത്തിൽ എന്തെല്ലാം കുറ്റങ്ങളും ശിക്ഷകളും ആണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;<br><br>(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | : (എ), (ബി), (സി) & (ഡി)<br><br>കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്കും അവരുടെ ബന്ധുക്കൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിലേയ്ക്കായി ഐ.പി.സി.യിലെയും, സി.ആർ.പി.സി.യിലെയും നിർദ്ദിഷ്ട സെക്ഷനുകൾ ഭേദഗതി ചെയ്തുകൊണ്ടുള്ള നിയമനിർമ്മാണ നടപടികൾ പൂർത്തിയാക്കുന്നതിന് നിയമസഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br><br>ഇന്ത്യൻ പീനൽ കോഡിലെ സെക്ഷൻ 21-നുശേഷം 21 എ എന്ന പുതിയ സെക്ഷനും സെക്ഷൻ 332-നുശേഷം 332 എ എന്ന സെക്ഷനും സെക്ഷൻ 333-നുശേഷം 333 എ എന്ന സെക്ഷനും സെക്ഷൻ 427-നുശേഷം 427എ എന്ന സെക്ഷനും ക്രിമിനൽ നടപടി സംഹിതയിലെ സെക്ഷൻ 357 (എ)യ്ക്കുശേഷം 357 (ബി) എന്ന സെക്ഷനും ഉൾപ്പെടുത്തുന്നതിനും സെക്ഷൻ 437 (3) എന്നിവ ഭേദഗതി ചെയ്യാനുമാണ് ഉദ്ദേശിക്കുന്നത്. നിയമസഭ അംഗീകരിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തമായ മറുപടി നൽകുവാൻ സാധിക്കുകയുള്ളൂ. |

A.N.

സെക്ഷൻ ഓഫീസർ